# പരി. ലാസലെറ്റ് മാതാവിന്റെ 175-ാം പ്രത്യക്ഷികരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

## മെയ് 2021

**നിർദ്ദേശങ്ങൾ:-**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19-ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

### പ്രാരംഭഗാനം

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

### പ്രാരംഭ പ്രാർത്ഥന

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175-ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

### വചനവായന

മത്തായി 5, 21-26

### ധ്യാനചിന്തകൾ:- "അനുരഞ്ജനം."

"ദൈവത്തിന്റെ കോടതി" കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ടതും ഏതൊരു മനുഷ്യനും നിരന്തരം മുന്നിൽ നിൽക്കുന്ന കോടതിയാണ് "മനഃസാക്ഷിയുടെ കോടതി". ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, അവന്റെ ഉള്ളിൽ നിക്ഷേപിച്ച ദൈവാംശമാണ് മനസാക്ഷി. കൊടും കുറ്റുവാളികളെ പലപ്പോഴും മനസാക്ഷി മരവിച്ചവർ എന്നാണ് വിശേഷിപ്പിക്കാറ്. ഏതൊരു മനുഷ്യനും മറ്റൊരു വ്യക്തിയുമായി

കലഹിച്ചു കഴിയുമ്പോൾ അവനിൽ ഉടനെ വിരിയുന്ന ഭാവം ''അത് വേണ്ടായിരുന്നു എന്നതാണ്''. പലപ്പോഴും തെറ്റുകൾ ചെയ്ത് കഴിഞ്ഞിട്ടാണ്, ഈ സ്വരത്തിന് മനുഷ്യൻ കാതോർക്കുന്നത് എന്ന് ജീവിതാനുഭവങ്ങൾകൊണ്ട് നമുക്ക് വ്യക്തമാണല്ലോ. ഈ സ്വരം ആദ്യം കേൾക്കുന്നവരും, ഇതിനായി കാതോർക്കുന്നവരും, വികാരം മറികടന്ന് വിവേകത്തോടെ വർത്തിക്കുന്നവരാകുന്നു, പലപ്പോഴും ഇരുത്തം വന്നവരാകുന്നു. അത്തരത്തിലുള്ളവരുടെ എണ്ണം ഒരുപക്ഷേ വിരളമായിരിക്കും. കാരണം ആരും പരിപൂർണ്ണമായി സൃഷ്ടിക്കപ്പെട്ടവരല്ലല്ലോ. ആദ്യമാതാപിതാക്കളിലും വിവേകമുദിച്ചത് തെറ്റ് പറ്റിയതിനുശേഷമാണ്. ''ദൈവം പാപികളെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും'' ചെയ്യുന്നു എന്ന് വി. അഗസ്റ്റിൻ പറയുന്നത്, നമുക്ക് വലിയ ഒരു ഉറപ്പാണ് നൽകുന്നത്. പാപത്തിന്റെ പന്നികൂടുകളിൽ നിന്നും പുറത്തുവരുന്ന ധൂർത്ത പുത്രൻമാരെ കാത്ത് മട്ടുപ്പാവിൽ കണ്ണിമ ചിമ്മാതെ കാത്തിരിക്കുന്ന 'സ്നേഹധൂർത്തനായ പിതാവ്', ബൈബിളിലെ ഏറ്റവും മനോഹരമായ 'ദൈവത്തിന്റെ' വ്യാഖ്യാനമാണ്. ''ദൈവം സ്നേഹമാണ്'' എന്ന് യോഹന്നാൻശ്ലീഹാ പഠിപ്പിക്കുന്നതിനെ ലൂക്കാ സുവിശേഷകൻ 'ചോരയും നീരുമുള്ള' വ്യക്തിസത്യമായി ആർക്കും മനസിലാക്കാവുന്ന തരത്തിൽ വിവരിക്കുകയാണ് ധൂർത്ത പുത്രന്റെ ഉപമയിൽ. പാപം ചെയ്തിട്ടും പാപത്തിൽ വസിക്കുന്നവൻ സ്വയം കുഴി തോണ്ടുന്നവനാകുന്നു. ''നിങ്ങളുടെ മുത്തുകൾ പന്നികൾക്കിട്ടുകൊടുക്കരുത്'' എന്ന് ക്രിസ്തു പറയുന്നതിന്റെ വ്യഗ്യാർത്ഥം ചിലപ്പോഴെങ്കിലും നമ്മുടെ ചിന്തകളും പ്രവർത്തികളും വാക്കുകളും കൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ നാം നിവർത്തിച്ചുകാട്ടാറുണ്ട്.

'അനുരഞ്ജനം' – 'രമ്യത' – എന്നത് ഒരു കാലഘട്ടത്തിലും അർത്ഥശോഷണം സംഭവിക്കാത്ത സത്യമാണ്. മനുഷ്യനുള്ളിടത്തോളം കാലം, അവനിൽ ബലഹീനതയുള്ളിടത്തോളം കാലം ഈ 'സത്യത്തിന്' മാറ്റം സംഭവിക്കുകയില്ല. 'കാലവും അനുഭവവു'മാണ് മനുഷ്യന്റെ ഏറ്റവും വലിയ ഗുരുക്കൻമാർ. കാലം വെളിപ്പെടുത്താത്ത സത്യവും, തിരിച്ചറിവു നൽകാത്ത തെറ്റുകളും ഇല്ല. മുറിവുണ്ടായാൽ അല്ലെങ്കിൽ അപകടമുണ്ടായാൽ ഉടനെ ചികിത്സ തേടുകയാണ് രക്ഷക്കുത്തമം, വൈകുംതോറും മുറിവുകൾ പഴുക്കുന്നതിനും, ജീവനു ഭീക്ഷണിയാകുന്നതിനും ഇടവരുത്തും. നാട്ടിൻപുറങ്ങളിൽ ഇംഗ്ലീഷ് മരുന്ന് സുലഭമാകുന്നതിന് മുൻപ് ഏതൊരു രോഗത്തിനും പഴമാക്കാരുടെ കൈയ്യിൽ ''ഉടൻകൊല്ലി'' മരുന്നുകളുണ്ടായിരുന്നു. പിന്നീടൊരിക്കലും ആരോഗ്യത്തിന് അപകടമുണ്ടാകാത്ത, പാർശ്വഫലങ്ങൾ ഇല്ലാത്ത നാട്ടുവൈദ്യം. ക്രിസ്തു വെളിപ്പെടുത്തുന്ന സത്യവും ഇതുതന്നെയാണ്. സഹോദരനോടും പ്രതിയോഗിയോടും വളരെ വേഗത്തിൽ അനുരഞ്ജനപ്പെടുക. ചിക്തിസയ്ക്ക് സമയം വൈകുന്തോറും മുറിവുകൾ പൊറുക്കാനും സമയം ഏറും.

പൂർവ്വപിതാവായ 'യാക്കോബിന്റെ' ജീവിതം മനുഷ്യരാശിയുടെ ജീവിതചക്രത്തിന്റെ നേരാവർത്തനമായി എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇളയവളായ റാഹേലാണ് എന്നുപറഞ്ഞ് പിതാവായ ലാബാൻ മൂത്തമകളായ ലെയയെ വിവാഹരാത്രി യാക്കോബിന്റെ കിടപ്പറയിലേക്ക് അയക്കുന്നത്. പിതാവിനെ പറ്റിച്ച് ചേട്ടന്റെ കടിഞ്ഞൂലവകാശം സ്വന്തമാക്കാൻ തനിക്ക് ഉപായം നൽകിയ അമ്മയായ റബേക്കയുടെ സഹോദരനാണ് ലാബാൻ എന്ന കാര്യം യാക്കോബ് ശരിക്കും

മനസിലാക്കിയത് രാവിലെ ഉണർന്നപ്പോൾ ലെയ കൂടെ കിടക്കുന്നത് കണ്ടപ്പോഴായിരിക്കും. അപ്പോൾ യാക്കോബിന്റെ മുമ്പിൽ തെളിഞ്ഞരൂപം ചതിയനായ ലാബാന്റെ എന്നതിനേക്കാൾ താൻ ചതിച്ച ചേട്ടൻ, ഏസാവിന്റെ മുഖമായിരുന്നിരിക്കണം. ചേട്ടന്റെ മുമ്പിൽ കുമ്പിടാനും, ചേട്ടന്റെ മുഖത്ത് ദൈവത്തിന്റെ രൂപം കണ്ടെത്താനും അവനെ ദൈവം പിന്നീടും വർഷങ്ങളോളം ലാബാനുവേണ്ടി പണിയെടുപ്പിച്ച് പരിവപ്പെടുത്തി. ചേട്ടന്റെ മുമ്പിൽ രമ്യതപ്പെടാൻ പോകുന്നതിന് മുമ്പ് ദൈവത്തിന്റെ മുമ്പിൽ ജയിച്ചാണ് അവൻ പുറപ്പെടുന്നത്. **ദൈവത്തിന്റെ മുമ്പിൽ ജയിക്കാനുള്ള പരീക്ഷ നീ പാസാകേണ്ടത് സഹോദരനു മുമ്പിൽ രമ്യതക്കായി തോറ്റുകൊടുത്തിട്ടാണ്**. ബലിയർപ്പിക്കാൻ വരുമ്പോൾ, ആർക്കെങ്കിലും നിന്നോടു വിരോധമുണ്ടെങ്കിൽ ബലിവസ്തു ദേവാലയത്തിൽ വെച്ചിട്ട് സഹോദരനോടു രമ്യതപ്പെടാൻ ഈശോ പറഞ്ഞ വചനത്തിന്റെ പൊരുൾ ഉൾകൊള്ളാൻ ഇനിയും നാം ക്രിസ്തുവിന്റെ ബലിയോളം വളരേണ്ടിയിരിക്കുന്നു. എന്തെല്ലാം ചെറിയ കാര്യങ്ങളിൽ വരെയാണ് നാം രമ്യതപ്പെടേണ്ടത്. ഓരോ ദിവസവും അങ്ങനെ ഒരായിരം കാര്യങ്ങൾ നമ്മുടെ കൊച്ചു ജീവിതത്തിൽ കടന്നുപോകുന്നു. ഒരു കൊച്ചു അനുഭവം പരാമർശിക്കട്ടെ.

കെ.എസ്.ആർ.ടി.സി. ബസിൽ യാത്രചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിയാണ് കഥാനായകൻ, ദീർഘദൂരയാത്രയാണ്, ടിക്കറ്റ് എടുത്തിരിക്കുന്നത് തൃശ്ശൂർക്കാണ്. രാവിലെ 6.45 ന് നടവയലിൽ നിന്നും ചങ്ങനാശ്ശേരിക്ക് പുറപ്പെടുന്ന ബസ്സിലാണ് സംഭവം നടക്കുന്നത്. മൂന്നു പേർക്കിരിക്കാവുന്ന സീറ്റിൽ രണ്ടുപേർ ഇരുന്ന് യാത്രചെയ്യുന്നു, കുറച്ച് കഴിഞ്ഞപ്പോൾ തിരക്കായി, മൂന്നാം സീറ്റിനും അവകാശിയെത്തി, മറ്റ് രണ്ട് പേർക്കതിഷ്ടപ്പെട്ടില്ല, യാത്രമുന്നോട്ടുപോകുമ്പോൾ മൂന്നാമത് കേറിയയാൾ മറ്റ് രണ്ടുപേരോടും കുറച്ച് ഒതുങ്ങിയിരിക്കാൻ ആവശ്യപ്പെട്ടു, കാരണം രണ്ടുപേരുടെയും നടുക്കുപെട്ട അയാൾ സാൻവിച്ചുപ്പോലെയായിരുന്നു. രണ്ടുപേർക്കും അയാളോട് അമർഷം തോന്നി. താമരശ്ശേരി ചുരമിറങ്ങാൻ തുടങ്ങിയപ്പോൾ നടുക്കിരിക്കുന്നയാൾ അൽപം ഉറങ്ങിപ്പോയി, അറിയാതെ അയാളുടെ തല ഇടതിരുന്ന വ്യക്തിയുടെ ചുമലിലേക്ക് ചാഞ്ഞു. എന്തൊരു ദേഷ്യമായിരുന്നു! അയാളെ കുലിക്കി വിളിച്ച് എഴുന്നേൽപ്പിച്ച് പ്രതികാരം നടത്തി. കുറച്ചുകഴിഞ്ഞപ്പോൾ അയാൾ ഇങ്ങിയതിനുശേഷം ആ സീറ്റിൽ വന്നിരുന്നത് ഒരു സ്ത്രീയാണ്! അവൾ ഉറങ്ങി തോളിൽ വീണിട്ടും ഒരു കുഴപ്പവുമില്ലാതെ യാത്ര ചെയ്തിരുന്ന വ്യക്തിയുടെ മുഖം ഇന്ന് ഓർമ്മയിൽ ഇല്ല, എന്നാൽ ഒരുപാട് സാഹചര്യങ്ങളിൽ ഒരുപാട് വ്യക്തികളിൽ ആ മുഖം കണ്ടിട്ടുണ്ട്. ചെറിയ ചെറിയ തർക്കങ്ങൾ മുതൽ വലിയ വലിയ യുദ്ധങ്ങളിലും, പകപുറപ്പാടുകളിലും ഇനിയും നാം രമ്യതപ്പെടേണ്ടിയിരിക്കുന്നു. ജീവിതത്തിലെ കൊച്ചുകാര്യങ്ങൾ വരെ കാണാൻ ദൈവമേ കാഴ്ച തരണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം. ഇതൊക്കെ ഇത്ര വലിയ കാര്യമാണോ എന്നു ചിന്തിക്കുന്നവർ (ലൂക്കാ 21, 1–14) 'വിധവയുടെ കൊച്ചുകാശ്' കണ്ടെത്തിയ, കർത്താവിനെ മറക്കാതിരിക്കട്ടെ.

ലാസലെറ്റിൽ പ്രത്യക്ഷപ്പെട്ട് പരി. അമ്മയും ചെറിയ കാര്യങ്ങൾപ്പോലും എണ്ണി പറയുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ. ''കുതിര വണ്ടിക്കാരൻ പള്ളിക്കു മുമ്പിലെത്തുമ്പോൾ കർത്താവിന്റെ നാമത്തെ അവഹേളിക്കുന്നതും'', ദേവാലത്തിൽ വി. കുർബ്ബാനക്കു വരുന്ന ചെറുപ്പാക്കാരുടെ ഒതുക്കമില്ലായ്മയും'', ''വയലിലൂടെ കടന്നുപോകുന്ന മാക്സിമിന്റെയും അപ്പന്റെയും സംസാരവും'' എല്ലാം അവൾ ഓർമ്മപ്പെടുത്തിയിട്ട് അവരോടു പറഞ്ഞു അനുരഞ്ജനപ്പെടാൻ! ഇന്ന് പലരും

വ്യാഖ്യാനിക്കുന്നതുപോലെ ലാസലെറ്റിൽ മാതാവിന്റെ ഭീഷണിയുടെ സ്വരം ഒരിക്കലും ഉയർന്നിട്ടില്ല. അമ്മയുടേത് ഓർമ്മപ്പെടുത്തലായിരുന്നു, മക്കളെ സ്നേഹിക്കുന്ന അമ്മ അവരുടെ നാശം ആഗ്രഹിക്കില്ലല്ലോ. അന്നും ഇന്നും ദൈവത്തിന്റെ പരീക്ഷ ജയിക്കാൻ ഭൂമിയിൽ സഹോദരനോടു ക്ഷമിച്ച് തോറ്റുകൊടുക്കാനാണ് ദൈവമായി പിറന്നവൻ കുരിശിൽ പഠിപ്പിച്ചത്, അവന്റെ അമ്മ ലാസലെറ്റിൽ പറഞ്ഞതും മറിച്ചല്ല – **എല്ലാറ്റിനോടും, എല്ലാവരോടും അനുരഞ്ജനപ്പെടാൻ.**

<u>വിചിന്തനം നടത്താം</u>

- അനുദിന ജീവിതത്തിൽ അനുരഞ്ജനത്തിന്റെ പ്രസക്തിയുൾക്കൊള്ളാൻ എനിക്ക് സാധിച്ചിട്ടുണ്ടോ?
- ചെറിയ കാര്യങ്ങളെ അവഗണിക്കുന്ന പ്രവണതയാണോ എന്നിൽ നിലകൊള്ളുന്ന സ്ഥായിയായ ഭാവം.

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി പരി. ലാസലെറ്റ് മാതാവുവഴി കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ നാട്ടിൽ പടന്നുപിടിച്ചുകൊണ്ടിരിക്കുന്ന കൊറോണ മഹാമാരിയിൽ നിന്നും എല്ലാ ജനങ്ങളെയും കാത്തു രക്ഷിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: രോഗികളെ സുഖപ്പെടുത്തിയ കർത്താവേ, എല്ലാ രോഗികളെയും പ്രത്യേകമായി കൊറോണ മഹാമാരിക്ക് അടിമപ്പെട്ടവരെയും അങ്ങയുടെ സൗഖ്യത്തിന്റെ കരം നീട്ടി സുഖപ്പെടുത്തണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: ആശ്വാസദായകനായ ദൈവമേ, വേദനിക്കുന്നവരുടെ ആശ്വാസമേ, കരുണത്തോണമേ, പ്രിയപ്പെട്ടവർ രോഗികളായതിൽ വേദനിക്കുന്നവരെയും, മരണം മൂലം നഷ്ടപ്പെട്ടവരെയും ആശ്വസിപ്പിക്കണമേ. നഷ്ടപ്പെട്ടവരാകാതെ വേദനയിൽ പിടിച്ചു നിൽക്കാൻ ശക്തി ന എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: വചനമായ ദൈവമേ, രോഗികളെ ശുശ്രൂഷിക്കാൻ നിൽക്കുന്ന എല്ലാ വ്യക്തികളെയും പ്രത്യേകമായി ആശുപത്രികളിൽ ജോലിചെയ്യുന്ന എല്ലാ വ്യക്തികളെയും ധൈര്യപ്പെടുത്തണമേ, അവരെ എല്ലാ അപകട സാഹചര്യങ്ങളിലും അങ്ങയുടെ കൈവെള്ളയിൽ സൂക്ഷിക്കണമേ. എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: നമ്മുടെ വ്യക്തിപരമായ യാചനകളും പ്രാർത്ഥനകളും നിശബ്ദമായി പരി. ലാസലെറ്റ് മാതാവുവഴി കർത്താവിനു സമർപ്പിക്കാം.

## നമുക്ക് പ്രാർത്ഥിക്കാം:-

‘‘വരുവിൻ നമുക്ക് രമ്യതപ്പെടാം’’ എന്ന് ഏശയ്യാപ്രവാചകനിലൂടെ അറിയിച്ച് മനുഷ്യകുലത്തെ രമ്യതയിലേക്ക് തിരിച്ചു വിളിക്കുന്ന ദൈവമേ, ചെറിയ കാര്യങ്ങളെപ്പോലും പരിഗണിക്കുവാനും, തിരുത്തേണ്ടവയെ തിരുത്താനും, പൂർണ്ണമായും മാറ്റേണ്ടവയെ ജീവിതത്തിൽ മാറ്റുവാനുള്ള കൃപ നൽകണമേ. അനുരഞ്ജനപ്പെടാനും, അങ്ങയിലേക്കും സഹോദരങ്ങളിലേക്കും വളരാനും ഞങ്ങളെ പഠിപ്പിക്കണമേ. പരി. അമ്മ ഭൂമിയിലെ ജീവിതം കൊണ്ടും ലാസലെറ്റിൽ നൽകിയ സന്ദേശങ്ങൾകൊണ്ടും ഞങ്ങളെ പഠിപ്പിച്ച കാര്യങ്ങൾക്കനുസൃതമായ ജീവിതം ക്രമപ്പെടുത്തുവാൻ കൃപ നൽകി അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും

ആമ്മേൻ

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ.................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**<u>സമാപനഗാനം</u>**

എത്രയും ദയയുള്ള മാതാവേ ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu